(ബി) കടലാക്രമണ ഭീഷണി നേരിടുന്ന ആയിരക്കണക്കിന് വീടുകൾ സംരക്ഷിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ;

(സി) പതിറ്റാണ്ടുകളായി കരമടച്ചുകൊണ്ടിരിക്കുന്ന ഈ വസ്തു സംരക്ഷിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി വകുപ്പുതല ഫണ്ടുകൾ അനുവദിക്കുന്നതിന് കാത്തുനിൽക്കാതെ പ്രത്യേക ഫണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കടൽഭിത്തിയില്ലാത്ത തീരങ്ങളിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കാനുള്ള അടിയന്തര നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കാലവർഷക്കെടുതിമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ആശ്വാസധനസഹായം അനുവദിക്കുന്നുണ്ട്. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡ പ്രകാരം പ്രകൃതിദുരന്തങ്ങളുടെ പട്ടികയിൽ കടൽക്ഷോഭം/കടലാക്രമണം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കടൽഭിത്തി നിർമ്മാണത്തിന് ഈ തുക ഉപയോഗിക്കുവാൻ നിർവ്വാഹമില്ല.

മുടാടി പഞ്ചായത്തിൽ ഫർണ്ണിച്ചർ ഫണ്ട് റോഡുകൾക്ക് ഭരണാനുമതി

172 (7141) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മുടാടി പഞ്ചായത്തിലെ ഫർണ്ണിച്ചർ ഫണ്ടിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ എ. എസ്. ഭേദഗതി വരുത്തുന്നതിന് നിയമസഭ സാമാജികൻ മുഖേന 30-10-2013-ന് സമർപ്പിക്കപ്പെട്ട അപേക്ഷയിൽ (61041/13) ഇതുവരെ നടപടികൾ ആയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച 2706/13/വി. ഐ. പി./എം. ആർ. സി. തീയതി 6-11-2013 ഉത്തരവ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ ലഭിച്ചത് എന്നാണ് എന്നും പ്രസ്തുത നിർദ്ദേശം ലഭിച്ച് ഇന്നേ തീയതിയ്ക്ക് എത്ര മാസമായി എന്നും വിശദമാക്കാമോ ; ഈ കാലയളവിൽ പ്രസ്തുത ഫയലിൽ നടപടികൾ പൂർത്തിയാവാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ;

(സി) ഈ ഫയലിൽ നടപടി തീർപ്പാക്കി എന്നത്തേക്ക് ഉത്തരവുകൾ പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2706/13/വി.ഐ.പി./എം.ആർ.സി. തീയതി 8-11-2013 ഉത്തരവ് 8-11-2013-ൽ റവന്യൂ വകുപ്പിൽ ലഭിച്ചിരുന്നു. ഭേദഗതി ഉത്തരവ് തീയതി വരെ 7 മാസത്തെ സമയമെടുത്തിട്ടുണ്ട്. 21-11-2012-ലെ സ.ഉ. (സാധാ) നമ്പർ 6824/2012/ദു.നി.വ. നമ്പർ ഉത്തരവിലെ ക്രമനമ്പർ 46, 47 പ്രകാരം യഥാക്രമം 4 ലക്ഷം, 3 ലക്ഷം രൂപ വീതം ഭരണാനുമതി നൽകിയ പ്രവൃത്തി 30-4-2013-ലെ സ.ഉ. (സാധാ) നമ്പർ 2446/2013/ഡി.എം.ഡി. പ്രകാരം പഞ്ചായത്തിന്റെ പേര് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് 6-5-2013-ലെ സ.ഉ(സാധാ)നം.2569/2013/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം 4 ലക്ഷം, 4 ലക്ഷം എന്നീ തുകകളാക്കി മാറ്റംവരുത്തി പ്രവൃത്തികളും മാറ്റി ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ 8-11-2013-ൽ ഈ വകുപ്പിൽ ലഭ്യമായ ബഹുമാനപ്പെട്ട എം.എൽ.എ. യുടെ അപേക്ഷയിൽ വീണ്ടും പ്രവൃത്തി മാറ്റുന്നതോടൊപ്പം 3 ലക്ഷം, 4 ലക്ഷം എന്നീ രീതിയിൽ തുകയിലും വ്യത്യാസം വരുത്തുവാനാണ് ആവശ്യപ്പെട്ടിരുന്നത്. തുകയിൽവന്ന വ്യത്യാസം ക്രമപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിമൂലമാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം വന്നത്.

(സി) 25-6-2014-ലെ സ.ഉ.(ആർ.ടി.)നമ്പർ 2909/2014/ദു.നി.വ. പ്രകാരം ഭരണാനുമതി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തുപണികൾ

173 (7142) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തുപണികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുകയോ, പദ്ധതിതുകതന്നെ ലാപ്സ് ആയി പോവുകയോ ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത്, പ്രസ്തുത മരാമത്തുപ്രവൃത്തികൾ പൊതുമരാമത്തിനെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മരാമത്തുപണികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം നിലവിലില്ലാത്ത സാഹചര്യങ്ങളിൽ പണി നടത്തേണ്ടുന്ന പ്രദേശത്തെ അധികാര പരിധിയിൽ വരുന്ന PWD

LIBRARY ARCHIVES Kerala Legislative Assembly